കോൾ നിലങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

6(*126) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ബി. ബാബു പ്രസാദ് :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട കോൾ നിലങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സാമ്പത്തിക വർഷം ഇതിനായി എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിരുന്നത് :

(സി) ഈ കാലയളവിൽ ഏതൊക്കെ കോൾനിലങ്ങളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ :

(ഡി) ഇത്തരം വികസന പ്രവർത്തനങ്ങളിലൂടെ ഈ വർഷം സംസ്ഥാനത്ത് എത്ര ഹെക്ടർ ഭൂമിയിൽ അധികമായി നെൽകൃഷി നടത്താൻ സാധിക്കും എന്ന് വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ,

(എ) കോൾ നിലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം അനുബന്ധം 1-ഉം, 2-ഉം ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ സാമ്പത്തിക വർഷം അനുമതി നൽകിയ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(സി) തൃശ്ശൂർ കോൾ മേഖലയിൽ എം. എം. കനാൽ 4-ാം ഭാഗം (ചെയിനേജ് 3500-3800 മി. വരെ കനാൽ കുഴിക്കലും പുനരുദ്ധാരണ പണികളും പൂർത്തീകരിച്ചു വരുന്നു. ഏനാമാക്കൽ വലതു ബണ്ടിന്റെ പുനരുദ്ധാരണവും അനുബന്ധ പണികളും പുരോഗമിക്കുന്നു. 2009-10-ൽ RKVY പദ്ധതിയിൽ അനുമതി ലഭ്യമാക്കിയ 245 ലക്ഷം രൂപയുടെ വിവിധ അടിസ്ഥാന സൗകര്യ വികസന പ്രവർത്തികൾ, ബണ്ട് നിർമ്മാണം, പെട്ടി, പറ, മോട്ടോർ പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കൽ, മോട്ടോർ ഷെഡ് നിർമ്മാണം തുടങ്ങിയവ പുരോഗമിക്കുന്നു.

(ഡി) തൃശ്ശൂർ കോൾ മേഖലയിൽ 11,000 ഹെക്ടർ നിലങ്ങൾക്കാണ് വിവിധ പദ്ധതികളുടെ പ്രയോജനം ലഭിച്ചിട്ടുള്ളത്. RKVY പദ്ധതി പ്രകാരം 600 ഹെക്ടർ കോൾ നിലങ്ങളിൽ അധിക വിളവെടുക്കുവാൻ സാധിച്ചു. പൊന്നാനി കോൾമേഖലയിൽ ഉൾപ്പെട്ട 200 ഹെക്ടർ നെൽപ്പാടങ്ങൾക്കാണ് പ്രയോജനം ലഭിക്കുന്നത്. ഈ മേഖലയിൽ 60 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly